**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1396** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം നെല്ലിക്കുഴി പാലം നിർമ്മാണത്തിലെ അപാകത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന ആമയിഴഞ്ചാൻ തോടിന് കുറുകെ 4.96 കോടി രൂപ ചെലവിട്ട് ടൂറിസം വകുപ്പ് നിർമ്മിച്ച നെല്ലിക്കുഴി പാലം ഏഴ് വർഷത്തിലധികമായി യാതൊരു പ്രയോജനവും ഇല്ലാത്ത ഒരു നിർമ്മിതി ആയി തുടരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം നിർമ്മിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആക്കുളം ടൂറിസം വികസനവും ആമയിഴഞ്ചാൻ തോടിന്റെ വികസനവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയത് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത പാലത്തിന്റെ ഇരുവശങ്ങളിലും നിലവിൽ അപ്രോച്ച് റോഡുകൾ ഇല്ലെന്നിരിക്കെ എന്തിനാണ് പാലം നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ; 10 മീറ്റർ ഉയരത്തിൽ തോടിന് കുറുകെ നിർമ്മിച്ചിരിക്കുന്ന പാലത്തിൽ ഏതു തരത്തിലുള്ള അപ്രോച്ച് റോഡാണ് ഡിസൈൻ ചെയ്യുക എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലം സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെല്ലിക്കുഴി കാർട്ടബിൾ ബ്രിഡ്ജിന്റെ ഏകദേശം 90% നിർമ്മാണ പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെയും അനുബന്ധ പ്രവൃത്തികളുടെയും നിർവഹണത്തിനായി സ്ഥലപരിശോധന നടത്തി ഭൂമിയുടെ സ്കെച്ച്/സർവേ പ്ലാൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി പ്രകാരം ഏജൻസി അനുബന്ധ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ ഇരുവശത്തുമുള്ള ഭൂമിയുടെ സർവേ സ്കെച്ച് ലഭ്യമാകുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ പ്രവർത്തി ആരംഭിക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള ഭൂമി അളക്കുന്നതിനായി തിരുവനന്തപുരം തഹസിൽദാർ ഓഫീസിൽനിന്നുള്ള സർവേയർമാർ 07-10-2026-ന് സ്ഥലത്തെത്തി പരിശോധന നടത്തി അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള സ്കെച്ചിന്റെ അടിസ്ഥാനത്തിൽ കൂടി സ്ഥലപരിശോധന നടത്തിയശേഷം അന്തിമ സ്കെച്ച് സമർപ്പിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

**(സി)** യാതൊരു തരത്തിലുള്ള പഠനങ്ങളും പരിശോധനകളും ഇല്ലാതെയാണോ നെല്ലിക്കുഴി പാലം നിർമ്മിച്ചത്; എങ്കിൽ അതിനുണ്ടായ സാഹചര്യവും അതിന് ഉത്തരവാദികളായവരെയും കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** ഇക്കാര്യം പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**